**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3758** **12-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടാമ്പി ഗവൺമെൻറ് കോളേജിന് അനുവദിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>09.12.2019-ൽ കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി ലഭിച്ച ടി പദ്ധതിയുടെ സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് ആദ്യ എസ്.പി.വിയാ യിരുന്ന കിറ്റ്കോ കിഫ്ബിയുടെ PFMS പോർട്ടലിൽ അപ്ലോഡ് ചെയ്യാത്തതിനാലാണ് പ്രവൃത്തി അടുത്ത ഘട്ടത്തിലേക്ക് കടക്കാത്തത്. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷനെ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വിയായി നിയമിച്ചിരുന്നു. എസ്.കെ.എഫ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവർത്തികൾ പൂർത്തീകരിക്കുകയും, 10.13 കോടി രൂപയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടി പദ്ധതിയ്ക്കായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് കിഫ്ബി അറിയിച്ചതിനെ തുടർന്ന് ആയതിനായി ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ പരിശോധിച്ച് വരുന്നു. സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് അപ്‌ലോഡ് ചെയ്യാതിരുന്നതിന്റെ വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും കിറ്റ്കോ മറുപടി നൽകിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയ്ക്ക് വിധേയമായി എസ്.കെ.എഫ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടാമ്പി ഗവൺമെൻറ് കോളേജിന് അനുവദിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>09.12.2019-ൽ കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി ലഭിച്ച ടി പദ്ധതിയുടെ സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് ആദ്യ എസ്.പി.വിയാ യിരുന്ന കിറ്റ്കോ കിഫ്ബിയുടെ PFMS പോർട്ടലിൽ അപ്ലോഡ് ചെയ്യാത്തതിനാലാണ് പ്രവൃത്തി അടുത്ത ഘട്ടത്തിലേക്ക് കടക്കാത്തത്. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷനെ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വിയായി നിയമിച്ചിരുന്നു. എസ്.കെ.എഫ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവർത്തികൾ പൂർത്തീകരിക്കുകയും, 10.13 കോടി രൂപയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടി പദ്ധതിയ്ക്കായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് കിഫ്ബി അറിയിച്ചതിനെ തുടർന്ന് ആയതിനായി ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ പരിശോധിച്ചു വരുന്നു. സാങ്കേതികാനുമതി സംബന്ധിച്ച ഡോക്യുമെന്റ്സ് അപ്‌ലോഡ് ചെയ്യാതിരുന്നതിന്റെ വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും കിറ്റ്കോ മറുപടി നൽകിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയ്ക്ക് വിധേയമായി എസ്.കെ.എഫ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ